(ബി) ഈ ഗവൺമെന്റിന്റെ കാലത്തു ഭൂനികുതി വർധിപ്പിച്ചുവോ;

(സി) എങ്കിൽ എത്രവീതം വർധിപ്പിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഇപ്പോഴുള്ള ആ നികുതി എത്ര എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഭൂനികുതി ആർ ഒന്നിന് പഞ്ചായത്ത് പ്രദേശത്ത് 50 പൈസയും ടൗൺഷിപ്പ്/മുനിസിപ്പൽ പ്രദേശത്ത് ഒരു രൂപയും, കോർപ്പറേഷൻ പ്രദേശത്ത് രണ്ടുരൂപയും നിരക്കിൽ ഈടാക്കിയിരുന്നു.

(ബി) വർധിപ്പിച്ചു.

(സി)&(ഡി) ഗ്രാമപഞ്ചായത്ത് പ്രദേശത്തു ആർ ഒന്നിന് ഒരു രൂപയും ടൗൺ പഞ്ചായത്ത്/ മുനിസിപ്പൽ പ്രദേശത്തു ആർ ഒന്നിന് രണ്ടു രൂപയും, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്തു ആർ ഒന്നിന് നാലുരൂപയും നിരക്കിലാണ് ഇപ്പോൾ ഭൂനികുതി ഈടാക്കുന്നത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 20 ആർ വരെയും ടൗൺ പഞ്ചായത്ത്/മുനിസിപ്പൽ പ്രദേശത്ത് 6 ആർ വരെയും, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് 2 ആർ വരെയും ഭൂമികൈവശമുള്ള ഭൂ ഉടമകളിൽനിന്നും യഥാക്രമം ആർ ഒന്നിന്, 50 പൈസ, 1 രൂപ, 2 രൂപ നിരക്കിലാണ് ഇപ്പോഴും ഭൂനികുതി ഈടാക്കുന്നത്.

93 (617) മിച്ചഭൂമി വിതരണം

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര പേർക്ക് പട്ടയവും കൈവശരേഖയും നൽകിയിട്ടുണ്ട്;

(ബി) ഈ ഇനത്തിൽ എത്ര ഏക്കർ ഭൂമി വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തു നാളിതുവരെ എത്ര ഏക്കർ മിച്ചഭൂമി ഏറ്റെടുത്തു വിതരണം ചെയ്തിട്ടുണ്ട്; 1996 മുതൽ 2000 വരെ എത്ര ഹെക്ടർ മിച്ചഭൂമി വിതരണം ചെയ്തുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) 1991-96 വർഷങ്ങളിൽ സംസ്ഥാനത്ത് എത്ര പേർക്ക് പട്ടയവും കൈവശരേഖയും നൽകിയെന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് ആകെ എത്ര ഏക്കർ മിച്ചഭൂമി ഏറ്റെടുക്കാൻ ഉണ്ടായിരുന്നെന്നും അതിൽ എത്ര ഏക്കർ നാളിതുവരെ ഏറ്റെടുത്തുവെന്നും വെളിപ്പെടുത്തുമോ;

(എഫ്) ഏറ്റെടുത്ത മിച്ചഭൂമിയിൽ ഇനി എത്ര ഏക്കർ വിതരണം ചെയ്യാനായി ബാക്കിയുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ജി) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ലക്ഷംവീട് കോളനി നിവാസികൾക്ക് പട്ടയം നൽകിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം സംസ്ഥാനത്ത് 125175 പേർക്ക് കൂടിയായ്മ പട്ടയവും 4737 പേർക്ക് കുടികിടപ്പു പട്ടയവും

LIBRARY ARCHIVES Kerala Legislative Assembly

നൽകിയിട്ടുണ്ട്. കൂടാതെ 11318 പേർക്ക് മിച്ചഭൂമിയ്ക്കുള്ള പട്ടയവും നൽകിയിട്ടുണ്ട്.

(ബി) മിച്ചഭൂമിയിനത്തിൽ 2422 ഏക്കർ വിതരണം ചെയ്തിട്ടുണ്ട്. കുടികിടപ്പ്/കുടിയായ്മ കണക്കാക്കിയിട്ടില്ല.

(സി) സംസ്ഥാനത്ത് നാളിതുവരെ 98253 ഏക്കർ മിച്ചഭൂമി ഏറ്റെടുക്കുകയും ഇതിൽ 66669ഏക്കർ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 1996 മുതൽ 2000 വരെയുള്ള കാലയളവിൽ 980.5668 ഹെക്ടർ മിച്ചഭൂമി വിതരണം ചെയ്തിട്ടുണ്ട്.

(ഡി) 1991-96 കാലഘട്ടത്തിൽ 67075 കുടിയായ്മ പട്ടയവും 166643 കുടികിടപ്പ് പട്ടയവും നൽകിയിട്ടുണ്ട്. കൂടാതെ 9669 പേർക്ക് മിച്ചഭൂമി പട്ടയവും നൽകിയിട്ടുണ്ട്.

(ഇ) സംസ്ഥാനത്ത് ഒട്ടാകെ 139545 ഏക്കർ മിച്ചഭൂമിയായി ഏറ്റെടുക്കുവാൻ കണക്കാക്കിയിരുന്നു. ഇതിന് 96253 ഏക്കർ ഏറ്റെടുത്തിട്ടുണ്ട്.

(എഫ്) ഏറ്റെടുത്തതിൽ വിതരണത്തിന് ബാക്കിയുള്ള 10982 ഏക്കർ ഭൂമിയാണ്. ഇതിൽ 4624 ഏക്കർ സ്റ്റേയിലും 5253 ഏക്കർ വനഭൂമി അന്യകൈവശ തർക്കത്തിലുമാണ്.

(ജി) വിവരം ശേഖരിച്ചുവരുന്നു.

94 (618) ഇരിണാവിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന താപവൈദ്യുത നിലയത്തിനുവേണ്ടി അക്വയർ ചെയ്ത സ്ഥലം

ശ്രീ. കെ.സി. ജോസഫ് :

ശ്രീ. കെ. സുധാകരൻ :

ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ഇരിണാവിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന താപവൈദ്യുതനിലയത്തിനുവേണ്ടി എത്ര ഏക്കർ സ്ഥലം അക്വയർ ചെയ്തു;

(ബി) ഈ സ്ഥലത്തിന് ആദ്യം നിശ്ചയിച്ച പൊന്നുംവില എത്ര ആയിരുന്നു;

(സി) പിന്നീട് ഈ വില പുതുക്കുകയുണ്ടായോ; എങ്കിൽ പുതുക്കിയ വില എത്രയാണ്;

(ഡി) വില പുതുക്കി നിശ്ചയിക്കുവാനുള്ള കാരണം വ്യക്തമാക്കുമോ;

(ഇ) രണ്ടാമതു വില പുതുക്കി നിശ്ചയിച്ചപ്പോൾ വില കുറയുവാൻ ഉള്ള സാഹചര്യം വെളിപ്പെടുത്തുമോ;

(എഫ്) ഈ സ്ഥലത്തിന്റെ മൂന്നാമത് നിശ്ചയിച്ച വില എത്രയാണ്;

(ജി) ഈ സ്ഥലത്തിന് മൂന്നാമതും വില നിശ്ചയിക്കുവാനുള്ള കാരണം വ്യക്തമാക്കുമോ;

(എച്ച്) ഈ സ്ഥലത്തിന് മൂന്നാമത് വില നിശ്ചയിച്ചപ്പോൾ വില വീണ്ടും കുറയുവാനുള്ള കാരണം വെളിപ്പെടുത്തുമോ;

(ഐ) മൂന്നാമത് ഈ സ്ഥലത്തിന് നിശ്ചയിച്ച വില ഒന്നും രണ്ടും പ്രാവശ്യം നിശ്ചയിച്ചതിനേക്കാൾ വളരെ കുറവായതിന്റെ പേരിൽ മുൻപ്രാവ

LIBRARY ARCHIVES Kerala Legislative Assembly